REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 06-12-2024 സമയം 06.45 AM

## പ്രധാന വാർത്തകൾ

- പ്രധാനമന്ത്രി നരേന്ദ്ര മോദി ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ അഷ്ടലക്ഷ്മി മഹോത്സവം ഇന്ന് ഉദ്ഘാടനം ചെയ്യും.
- ഭരണഘടന മുഖ്യ ശില്പി ഭാരതരത്ന ഡോ. BR.അംബേദ്കറുടെ 69-ാം ചരമവാർഷികമായ ഇന്ന് രാജ്യം മഹാപരിനിർവാൺ ദിവസായി ആചരിക്കുന്നു.
- ദേശീയപാത 66ന്റെ നിർമ്മാണ പുരോഗതി മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ ഉന്നതതല യോഗം വിലയിരുത്തി. നാല് സ്ട്രച്ചുകൾ മാർച്ച് 31 ന് മുമ്പ് പൂർത്തീകരിക്കുമെന്ന് ദേശീയ പാത അതോറിറ്റി.
- റിസർവ് ബാങ്ക് ദ്വൈമാസ പണ നയം ഇന്ന് പ്രഖ്യാപിക്കും.
- എലത്തൂരിൽ ഹിന്ദുസ്ഥാൻ പെട്രോളിയം ഡിപ്പോയിലുണ്ടായ ഇന്ധന ചോർച്ചയുമായി ബന്ധപ്പെട്ട് കേന്ദ്ര പെട്രോളിയം മന്ത്രാലയവുമായി ചർച്ച നടത്തുമെന്ന് മന്ത്രി AK ശശീന്ദ്രൻ.
- ഇന്ത്യ - ഓസ്ട്രേലിയ ബോർഡർ- ഗവാസ്കർ ട്രോഫി രണ്ടാം ടെസ്റ്റ് ക്രിക്കറ്റ് ടെസ്റ്റ് ഇന്ന് അഡ്ലെയ്ഡിൽ ആരംഭിക്കും.

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്ര മോദി ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ അഷ്ടലക്ഷ്മി മഹോത്സവം ഇന്ന് ഉദ്ഘാടനം ചെയ്യും. എട്ട് വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ സംസ്കാരം, തുണി വ്യവസായം, കരകൗശല

വസ്തുക്കൾ, വിനോദസഞ്ചാര സാധ്യതകൾ, അതുല്യമായ ഉൽപ്പന്നങ്ങൾ എന്നിവ മൂന്ന് ദിവസത്തെ ഉത്സവത്തിൽ പ്രദർശിപ്പിക്കും.

ഡെസ്ക് റിപ്പോർട്ട്....

.........വോയ്സ്.......

എട്ട് വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടാണ് ഈ ഉത്സവത്തെ അഷ്ടലക്ഷ്മി എന്നറിയപ്പെടുന്നത്.

ഉത്സവ വേളയിൽ, 250-ലധികം കരകൗശല വിദഗ്ധർ തനതായ കരകൗശലവസ്തുക്കൾ, കൈത്തറി, അഗ്രി-ഹോർട്ടി ഉൽപ്പന്നങ്ങൾ, 34 GI ടാഗ് ചെയ്ത ഇനങ്ങൾ എന്നിവ പ്രദർശിപ്പിക്കും. ഫാഷൻ ഷോ, ഡിസൈൻ കോൺക്ലേവ്, ബയർ-സെല്ലർ മീറ്റ് എന്നിവയും ഇതിന്റെ ഭാഗമായി സംഘടിപ്പിച്ചിട്ടുണ്ട്. മേഖലയിലെ 320 കർഷകരുടെയും കരകൗശല വിദഗ്ധരുടെയും ഉത്പന്നങ്ങളും കലകളും പ്രദർശിപ്പിക്കുന്ന റൂറൽ ഹാത്ത് ബസാർ ആയിരിക്കും ഏറ്റവും വലിയ ആകർഷണം.

വടക്കുകിഴക്കൻ മേഖലയിലെ കരകൗശല തൊഴിലാളികൾക്കും നെയ്ത്തുകാർക്കും വ്യവസായ സംരംഭകർക്കും പുതിയ അവസരങ്ങൾ സൃഷ്ടിക്കാനും മഹോത്സവം സഹായകമാകും.

✪✪✪

ഭരണഘടന മുഖ്യ ശില്പി ഭാരതരത്ന ഡോ. BR.അംബേദ്കറുടെ 69-ാം ചരമവാർഷികമായ ഇന്ന് രാജ്യം മഹാപരിനിർവാൺ ദിവസായി ആചരിക്കുന്നു.

രാഷ്ട്രനിർമ്മാണത്തിൽ ഡോ.അംബേദ്കറുടെ സംഭാവനകൾ ഉയർത്തിക്കാട്ടുന്നതിന് രാജ്യത്ത് നിരവധി പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. പാർലമെന്റ് സമുച്ചയത്തിലെ പ്രേരണ സ്ഥലിലെ അംബേദ്കറുടെ പ്രതിമയിൽ ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖറും, പ്രധാനമന്ത്രി നരേന്ദ്ര മോദിയും, പാർലമെന്റ് അംഗങ്ങളും ഉൾപ്പെടെ പ്രമുഖ നേതാക്കൾ പുഷ്പാർച്ചന നടത്തും.

✪✪✪

കേന്ദ്ര യുവജനകാര്യ കായിക മന്ത്രാലയം സംഘടിപ്പിക്കുന്ന ദേശീയ യുവജനോത്സവത്തിന്റെ ഭാഗമായ വികസിത് ഭാരത് യുവ നേതൃ സംവാദത്തിലേക്ക് അപേക്ഷ സമർപ്പിക്കുന്നതിന് സമയ പരിധി അടുത്ത ചൊവ്വാഴ്ച വരെ നീട്ടി. സമയപരിധി ഇന്നലെ അവസാനിച്ചിരുന്നു. മേരാ യുവ ഭാരത് പ്ലാറ്റ്ഫോമിൽ സംഘടിപ്പിക്കുന്ന ക്വിസ് പരിപാടിയിലൂടെ മത്സരത്തിന്റെ ഒന്നാംഘട്ടം തുടങ്ങും. ഇതിൽ വിജയികളാകുന്നവർക്ക് നടത്തുന്ന ബ്ലോഗ്,

ഉപന്യാസ മത്സരങ്ങൾക്ക് ശേഷം യുവ നേതൃ സംവാദത്തിലെ സംസ്ഥാന തല വിജയികളെ കണ്ടെത്തും.

മത്സരങ്ങളിൽ വിജയിക്കുന്നവർ വികസിത് ഭാരതവുമായി ബന്ധപ്പെട്ട അവരുടെ കാഴ്ചപ്പാടുകളും ആശയങ്ങളും അടുത്തമാസം 11, 12 തീയതികളിൽ ന്യൂഡൽഹിയിലെ ഭാരത മണ്ഡപത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദിക്കു മുന്നിൽ അവതരിപ്പിക്കും.

✪✪✪

ദേശിയപാത 66ന്റെ നിർമ്മാണ പുരോഗതി മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ തിരുവനന്തപുരത്ത് ചേർന്ന ഉന്നതതല യോഗം വിലയിരുത്തി. 80 ശതമാനത്തിൽ കൂടുതൽ നിർമ്മാണ പുരോഗതി കൈവരിച്ച തലപ്പാടി-ചെങ്കള, കോഴിക്കോട് ബൈപ്പാസ്, രാമനാട്ടുകര - വളാഞ്ചേരി, വളാഞ്ചേരി-കാപ്പിരിക്കാട് സ്ട്രച്ചുകൾ അടുത്ത മാർച്ച് 31ന് മുമ്പ് പൂർത്തീകരിക്കുമെന്ന് ദേശീയപാതാ അതോറിറ്റി ഉദ്യോഗസ്ഥർ യോഗത്തിൽ അറിയിച്ചു.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ..

.....വോയ്സ്..........

സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തു നിന്ന് ദേശീയപാത നിർമ്മാണത്തിന് ലഭിക്കേണ്ട വിവിധ അനുമതികൾ യോഗം ചർച്ചചെയ്തു. വിവിധ ജലാശയങ്ങളിൽ നിന്നും മണ്ണ് എടുക്കുന്നതിനു അനുമതി അപേക്ഷകളിൽ വേഗത്തിൽ തീരുമാനം എടുക്കണമെന്ന് മുഖ്യമന്ത്രി നിർദ്ദേശിച്ചു. ഏഴ് ജലസ്രോതസ്സുകളിൽ നിന്ന് മണ്ണ് എടുക്കാൻ അനുമതി ദേശീയ പാതാ അതോറിറ്റി ചോദിച്ചിട്ടുണ്ടെന്നും അഷ്ടമുടി, വേമ്പനാട്ട് കായൽ എന്നിവിടങ്ങളിൽ നിന്ന് മണ്ണെടുക്കാൻ അനുമതി നൽകി കഴിഞ്ഞതായും ബാക്കിയുള്ളവ പരിശോധിച്ച് വരുകയാണെന്നും മന്ത്രി റോഷി അഗസ്റ്റിൻ വ്യക്തമാക്കി. ഭൂമിയേറ്റടുക്കലുമായി ബന്ധപ്പെട്ട കേസുകൾ വളരെ വേഗത്തിൽ തീർപ്പാക്കാൻ ജില്ലാ കലക്ടർമാർക്ക് മുഖ്യമന്ത്രി നിർദ്ദേശം നൽകി. ദേശീയപാത 66 നായി ഭൂമി ഏറ്റെടുക്കലിന്റെ പുരോഗതി 90 മുതൽ 95 ശതമാനം വരെ പൂർത്തീകരിച്ചതായി യോഗം വിലയിരുത്തി. അരൂർ - തുറവൂർ റൂട്ടിലെ ഗതാഗത കുരുക്ക് പരിഹരിക്കാൻ ആലപ്പുഴ, എറണാകുളം ജില്ലാ കലക്ടമാർ പ്രത്യേകമായി ശ്രദ്ധിക്കണമെന്നും മുഖ്യമന്ത്രി നിർദ്ദേശിച്ചു.

✪✪✪

റിസർവ് ബാങ്ക് ദ്വൈമാസ പണ നയം ഇന്ന് പ്രഖ്യാപിക്കും. പണപ്പെരുപ്പം ഉയരുമെന്ന ആശങ്കകൾക്കിടയിൽ RBI ഗവർണർ ശക്തികാന്ത ദാസ്

അധ്യക്ഷനായ മോണിറ്ററി പോളിസി സമിതി ബുധനാഴ്ച മൂന്നു ദിവസ ചർച്ച ആരംഭിച്ചിരുന്നു.

റിപ്പോ നിരക്കിൽ റിസർവ് ബാങ്ക് നിലവിലെ സ്ഥിതി നിലനിർത്തിയേക്കുമെന്നാണ് വിദഗ്ധർ വിശ്വസിക്കുന്നത്. എന്നാൽ കരുതൽ ധന അനുപാതത്തിൽ മാറ്റം വരുത്തിയേക്കാം.

2023 ഫെബ്രുവരി മുതൽ ആറര ശതമാനം റിപ്പോ നിരക്കിൽ റിസർവ് ബാങ്ക് മാറ്റം വരുത്തിയിട്ടില്ല.

✪✪✪

സംസ്ഥാനത്തെ ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷനുകളിലെ കരട് വാർഡ് വിഭജനവുമായി ബന്ധപ്പെട്ട് ലഭിച്ച മുഴുവൻ പരാതികളും ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനോ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥരോ മുഖേന അന്വേഷിക്കുമെന്ന് ഡീലിമിറ്റേഷൻ കമ്മീഷൻ അറിയിച്ചു. പരാതിക്കാരെ അതാത് ജില്ലാകേന്ദ്രങ്ങളിൽ നേരിൽ കേൾക്കും. ജില്ലാതലത്തിലെ ഹീയറിംഗിന്റെ തീയതിയും സമയവും പിന്നീട് അറിയിക്കുമെന്നും, പരാതികളും അന്വേഷണ റിപ്പോർട്ടും നേരിൽ കേട്ട വിവരണങ്ങളും വിശദമായി പരിശോധിച്ചായിരിക്കും അന്തിമ വാർഡ് വിഭജന വിജ്ഞാപനം പുറപ്പെടുവിക്കുകയെന്നും കമ്മീഷൻ വ്യക്തമാക്കി.

കരട് വാർഡ് വിഭജനവുമായി ബന്ധപ്പെട്ട് 16,896 പരാതികളാണ് ലഭിച്ചത്. ഏറ്റവും കൂടുതൽ പരാതികൾ ലഭിച്ചത് മലപ്പുറം ജില്ലയിലും കുറവ് ലഭിച്ചത് ഇടുക്കി ജില്ലയിലും ആണ്.

ആദ്യഘട്ടത്തിൽ ഗ്രാമപഞ്ചായത്തുകളിലെ 17,337 വാർഡുകളുടെയും, മുനിസിപ്പാലിറ്റികളിലെ 3,241 വാർഡുകളുടെയും കോർപ്പറേഷനുകളിലെ 421 വാർഡുകളുടെയും പുനർവിഭജനമാണ് നടന്നത്.

രണ്ടാം ഘട്ടത്തിൽ ബ്ളോക്ക് പഞ്ചായത്തുകളിലും, മൂന്നാം ഘട്ടത്തിൽ ജില്ലാ പഞ്ചായത്തുകളിലും വാർഡ് പുനർവിഭജനം നടത്തുമെന്നും കമ്മീഷൻ വ്യക്തമാക്കി.

✪✪✪

കോഴിക്കോട് എലത്തൂരിൽ ഹിന്ദുസ്ഥാൻ പെട്രോളിയം ഡിപ്പോയിലുണ്ടായ ഇന്ധന ചോർച്ചയുമായി ബന്ധപ്പെട്ട് HPCL ആസ്ഥാനവുമായും കേന്ദ്ര പെട്രോളിയം മന്ത്രാലയവുമായും ചർച്ച നടത്തുമെന്ന് മന്ത്രി AK ശശീന്ദ്രൻ പറഞ്ഞു. ജനങ്ങളുടെ സുരക്ഷയ്ക്കാണ് ഏറ്റവുമധികം പ്രാധാന്യം നൽകുന്നതെന്നും മന്ത്രി അറിയിച്ചു.

ന്യൂസ് ഡെസ്കിൽ നിന്നും കൂടുതൽ വിവരങ്ങൾ

........വോയ്സ്...........

ഇന്ധനം പടർന്ന ജലാശയങ്ങൾ വൃത്തിയാക്കാനും ഇത്തരം കാര്യങ്ങൾ ഇനിയും ആവർത്തിക്കാതിരിക്കാനും നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് ജില്ലാ കളക്ടർക്കും മറ്റ് ഉദ്യോഗസ്ഥർക്കുമൊപ്പം സംഭവസ്ഥലം സന്ദർശിച്ച മന്ത്രി പറഞ്ഞു.

ഡിപ്പോയുടെ പ്രവർത്തനം സംബന്ധിച്ച കാര്യങ്ങൾ സുരക്ഷിതവും സുതാര്യവുമാക്കാൻ സ്ഥാപന അധികാരികളോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ശശീന്ദ്രൻ പറഞ്ഞു.

മെക്കാനിക്കൽ/ഇലക്ട്രോണിക് സംവിധാനങ്ങളിലുണ്ടായ പരാജയമാണ് അപകട കാരണം എന്നാണ് പ്രാഥമിക വിലയിരുത്തൽ. എന്നാൽ ഇത് എങ്ങനെ സംഭവിച്ചുവെന്ന് അറിയേണ്ടതുണ്ട്. ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കുകയും വേണം. ഇതിനായി ഈ മേഖലയിലെ വിദഗ്ധർ അടങ്ങുന്ന സംഘത്തെ പരിശോധനക്കായി നിയോഗിക്കണമെന്നും മന്ത്രി പറഞ്ഞു.

മലിനീകരണ നിയന്ത്രണ നിയമം, പരിസ്ഥിതി സംരക്ഷണ നിയമം എന്നിവ പ്രകാരം കേസെടുക്കുമെന്നും മന്ത്രി പറഞ്ഞു.

✪✪✪

മിൽമ പാൽപ്പൊടി നിർമ്മാണ യൂണിറ്റ് മലപ്പുറം ജില്ലയിലെ മൂർക്കനാട് പ്രവർത്തനസജ്ജമായി.

പാൽപ്പൊടി നിർമ്മാണ യൂണിറ്റിന്റെ ഉദ്ഘാടനം ഈ മാസം 24ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിക്കുമെന്ന് മിൽമ ചെയർമാൻ KS.മണിയും മലബാർ മിൽമ മാനേജിംഗ് ഡയറക്ടർ KC ജെയിംസും കോഴിക്കോട്ട് അറിയിച്ചു. 131 കോടിയിൽ പരം രൂപ ചിലവഴിച്ചാണ് പദ്ധതി പൂർത്തീകരിച്ചത്. മിൽമയ്ക്ക് കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ വാർഷിക വിറ്റു വരവിൽ 48ശതമാനം വർധനയുണ്ടായെന്നും അവർ അറിയിച്ചു.

✪✪✪

കായിക വകുപ്പ് നടപ്പാക്കുന്ന ഇ-സ്പോർട്സ് കേന്ദ്രങ്ങളിൽ ആദ്യത്തേത് ഏപ്രിൽ ആദ്യ വാരം തലശ്ശേരിയിൽ പ്രവർത്തനമാരംഭിക്കും. തലശ്ശേരി മണ്ഡലത്തിലെ കായികവകുപ്പുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിനായി മന്ത്രി V അബ്ദുറഹ്മാനുമായി സ്പീക്കർ AN ഷംസീർ നിയമസഭാ ചേംബറിൽ നടത്തിയ കൂടിക്കാഴ്ചയിലാണ് തീരുമാനം.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി KO ശശിധരൻ.

........വോയ്സ്........

തലശ്ശേരി മുനിസിപ്പൽ സ്റ്റേഡിയം കോംപ്ലക്സ് കെട്ടിടത്തിലെ അറ്റകുറ്റപ്പണികളും സിന്തറ്റിക്ക് ട്രാക്കിലെ വിള്ളൽ പരിഹരിക്കുന്നതിനുള്ള പ്രവൃത്തിയും ഒരു മാസത്തിനുള്ളിൽ പൂർത്തീകരിക്കും.. സ്പോർട്സ് കേരള ഫൗണ്ടേഷന്റെ അഭിമുഖ്യത്തിലുള്ള ജിംനേഷ്യം നവീകരണം പുരോഗമിക്കുകയാണ്. സ്റ്റേഡിയത്തിന്റെ ഡ്രെയിനേജ് വർക്കുകളുമായി ബന്ധപ്പെട്ട് പ്രവൃത്തിക്ക് വർക്ക് ഓർഡർ നൽകിക്കഴിഞ്ഞു. ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ മണ്ഡലത്തിലെ കതിരൂർ, പന്ന്യന്നൂർ, ചൊക്ലി പഞ്ചായത്തുകളെ ഉൾപ്പെടുത്തി ആദ്യഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞതായും തലശ്ശേരി ക്രിക്കറ്റ് സ്റ്റേഡിയത്തിന് സമീപത്ത് സ്വമ്മിംഗ് പൂൾ നിർമ്മിക്കുന്നതിനുള്ള ആവശ്യം പരിഗണിക്കുമെന്നും മന്ത്രി അറിയിച്ചു. തലശ്ശേരി സ്റ്റേഡിയത്തിന്റെ ഉടമസ്ഥാവകാശം മുനിസിപ്പാലിറ്റിക്ക് കൈമാറുന്ന ചടങ്ങും ഇ-സ്പോർട്സ് കേന്ദ്രം, ജിംനേഷ്യം, സ്പോർട്സ് കോംപ്ലസ് നവീകരണ പ്രവൃത്തികളുടെ പൂർത്തീകരണം എന്നിവയുടെ ഉദ്ഘാടനവും ഏപ്രിൽ ആദ്യവാരം നടത്താമെന്ന് യോഗത്തിൽ ധാരണയായി.

ജനുവരി അഞ്ചിന് നടക്കുന്ന തലശ്ശേരി ഹെറിറ്റേജ് റണ്ണിൽ പങ്കെടുക്കാനുള്ള സ്പീക്കറുടെ ക്ഷണം മന്ത്രി സ്വീകരിച്ചു.

✪✪✪

ഇന്ത്യയും ഓസ്ട്രേലിയയും തമ്മിൽ ബോർഡർ- ഗവാസ്കർ ട്രോഫി രണ്ടാം ക്രിക്കറ്റ് ടെസ്റ്റ് ഇന്ന്. ഓസ്ട്രേലിയയിലെ അഡ്‌ലെയ്ഡ് ഓവലിൽ ഇന്ത്യൻ സമയം രാവിലെ ഒമ്പതരയ്ക്കാണ് മത്സരം ആരംഭിക്കുന്നത്. പിങ്ക് ബോൾ ഉപയോഗിച്ച് പകൽ-രാത്രി മത്സരമാണ്.

അടുത്ത വർഷം നടക്കാനിരിക്കുന്ന WTC ചാമ്പ്യൻഷിപ്പിൽ ഫൈനൽ സ്ഥാനം ഉറപ്പാക്കാൻ ഇന്ത്യയ്ക്ക് രണ്ടാം ടെസ്റ്റിലെ വിജയം നിർണ്ണായകമാണ്.

✪✪✪

സിംഗപ്പൂരിൽ നടക്കുന്ന ലോക ചെസ് ചാമ്പ്യൻഷിപ്പിൽ ഇന്ത്യൻ ഗ്രാൻഡ്മാസ്റ്റർ ദൊമ്മരാജു ഗുകേഷും നിലവിലെ ചാമ്പ്യൻ ചൈനയുടെ ഡിങ് ലിറനും തമ്മിൽ മത്സരം സമനിലയിൽ അവസാനിച്ചു. തുടർച്ചയായ ആറാം സമനിലയോടെ 14 മത്സരങ്ങളുടെ പരമ്പരയിൽ ഇരുവരും 4.5 പോയിന്റ് വീതം നേടി സമനിലയിൽ തുടരുകയാണ്. പത്താം റൗണ്ട് മത്സരം നാളെ നടക്കും.

✪✪✪

ബഹ്റൈനിലെ മനാമയിൽ ഇന്നാരംഭിക്കുന്ന ലോക വെയ്റ്റ്ലിഫ്റ്റിംഗ് ചാമ്പ്യൻഷിപ്പിൽ മൂന്ന് ഇന്ത്യൻ വനിതാ താരങ്ങൾ മത്സരിക്കും. 49 കിലോ വിഭാഗത്തിൽ ഗ്യാനേശ്വരി യാദവ്, കോമൺവെൽത്ത് ഗെയിംസ് വെള്ളിമെഡൽ ജേതാവായ ബിന്ധ്യാറാണി ദേവി, 64 കിലോ വിഭാഗത്തിൽ ദിതിമോണി സോനോവാൾ എന്നിവരാണ് ഇന്ത്യയ്ക്കായി മത്സരത്തിനിറങ്ങുന്നത്.

പുരുഷ വിഭാഗത്തിൽ ഈ വർഷം ഇന്ത്യ പ്രാതിനിധ്യമില്ല.

✪✪✪

ISL ഫുട്ബോളിൽ ഭുവനേശ്വരിലെ കലിംഗ സ്റ്റേഡിയത്തിൽ ഇന്നലെ ഒഡിഷ FC - മുംബൈ സിറ്റി മത്സരം ഗോൾ രഹിത സമനിലയിൽ പിരിഞ്ഞു.

ഇന്ന് പഞ്ചാബ് FC മുഹമ്മദൻ S.Cയെ നേരിടും. രാത്രി 7.30 ന് ന്യൂഡൽഹി ജവാഹർലാൽ നെഹ്റു സ്റ്റേഡിയത്തിലാണ് മത്സരം.

✪✪✪

ജില്ലാ ജഡ്ജിയായിരുന്ന ആർ. നടരാജൻ ആലപ്പുഴയിൽ അന്തരിച്ചു. അദ്ദേഹത്തിന് 74 വയസായിരുന്നു.

മനുഷ്യാവകാശ കമ്മീഷൻ ജുഡീഷ്യൽ അംഗം, കേരള ജുഡീഷ്യൽ അക്കാദമി ഡയറക്ടർ എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്.

1999ൽ മുൻ മന്ത്രി ആർ.ബാലകൃഷ്ണപിള്ള ഉൾപ്പെടെയുള്ളവരെ ഇടമലയാർ കേസിൽ അഞ്ചുവർഷം കഠിനതടവിന് ശിക്ഷിച്ച പ്രത്യേക കോടതി ജഡ്ജിയായിരുന്നു ആർ.നടരാജൻ. പാലക്കാട്ടും കോട്ടയത്തും ജില്ലാ ജഡ്ജിയായിരുന്നു അദ്ദേഹം.

സംസ്കാരം വൈകിട്ട് നാലിന് ആലപ്പുഴ തിരുവമ്പാടിയിലെ വീട്ടുവളപ്പിൽ നടത്തും.

✪✪✪

ശബരിമലയിൽ ഇതരസംസ്ഥാനക്കാരായ രണ്ട് തീർഥാടകർ കുഴഞ്ഞുവീണു മരിച്ചു. തെലങ്കാന സ്വദേശി കാദല്ല വീരണ്ണ, ആന്ധ്രപ്രദേശ് വിജയവാഡ സ്വദേശി മർനേനി മല്ലേശ്വര റാവു എന്നിവരാണ് മരിച്ചത്.

✪✪✪

ഇടുക്കി കമ്പിപ്പാലത്ത് ക്ലബിനു മുമ്പിൽ നക്ഷത്രം തൂക്കുന്നതിനിടെ ഷോക്കേറ്റ യുവാവ് മരിച്ചു. കരിമണ്ണൂർ കമ്പിപാലം കൈപ്പിള്ളിൽ സാജു ആണ് മരിച്ചത്.

✪✪✪

കണ്ണൂർ ഇരിട്ടി എടൂർ സെന്റ് മേരീസ് ഫൊറോന പള്ളിയെ ഇന്ന് മലബാറിലെ ആദ്യത്തെ ആർക്കി എപ്പിസ്കോപ്പൽ മരിയൻ തീർഥാടന കേന്ദ്രമായി പ്രഖ്യാപിക്കും. തലശ്ശേരി അതിരൂപത ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി വൈകീട്ട് ഔദ്യോഗിക പ്രഖ്യാപനം നടത്തും. ആർക്കി എപ്പിസ്കോപ്പൽ മരിയൻ തീർഥാടന കേന്ദ്രമാകുന്നതോടെ അതിരൂപതയുടെ കീഴിലെ മൂന്നര ലക്ഷത്തിലേറെ വരുന്ന അൽമായ വിശ്വാസികളുടെ പ്രധാന തീർത്ഥാടന കേന്ദ്രമായി സെന്റ് മേരീസ് ഫൊറോന പള്ളി മാറും.

✪✪✪